**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 796** **09-08-2023 - ൽ മറുപടിയ്ക്ക്**

**കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി. വി. അൻവർ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക രംഗത്ത് സംഭരണം, വിപണനം, മൂല്യവർദ്ധന എന്നീ രംഗങ്ങളിൽ സഹകരണ വകുപ്പ് ഫലപ്രദമായി ഇടപെടുന്നതിന് തയ്യാറാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കാർഷിക രംഗത്ത് സംരംഭം, വിപണനം, മൂല്യവർദ്ധന എന്നീ രംഗങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന് സഹകരണ വകുപ്പിന് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. ടി ലക്ഷ്യം കൈവരിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സഹകരണ മേഖലയുടെ പിൻതുണയോടെ കാർഷിക രംഗത്തെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംഭരണം, മൂല്യവർദ്ധന വിപണനം എന്നിവ പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി.** 2022-23 സാമ്പത്തിക വർഷം ടി പദ്ധതിയിലൂടെ 20 സഹകരണ സംഘങ്ങൾക്ക് 743.50 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ടി പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ 3450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഉൽപ്പന്നങ്ങളുടെ വിപണനം, പുതിയ ഔട്ട് ലെറ്റുകൾ സ്ഥാപിക്കൽ/നവീകരണം, കയറ്റുമതി പ്രവർത്തനങ്ങളുടെ പ്രോത്സാഹനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് **സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം.** ടി |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (ബി) | കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷം 20 സഹകരണ സംഘങ്ങൾക്ക് 743.50 ലക്ഷം രൂപ ധനസഹായം അനുവദിക്കുകയും 2023-24 സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ 3450.00 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഒരു പഞ്ചായത്തിൽ ഒന്ന് എന്ന നിലയിൽ മൂല്യവർദ്ധിത സൗകര്യങ്ങളുള്ളതും ശീതീകരണ സംഭരണ സംവിധാനങ്ങളുള്ളതുമായ ഒരു വിപണി സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ? | (സി) | ഒരു പഞ്ചായത്തിൽ ഒന്ന് എന്ന നിലയിൽ മൂല്യവർദ്ധിത സൗകര്യങ്ങളുള്ളതും ശീതീകരണ സംഭരണ സംവിധാനങ്ങളുള്ളതുമായ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർത്തിട്ടുള്ള 11 സഹകരണ സംഘങ്ങൾക്ക് 10.00 ലക്ഷം രൂപ വീതം 110.00 ലക്ഷം രൂപ , 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ, 2425-107-65 എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>1. കരകുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3064, തിരുവനന്തപുരം<br>2. പൂവറ്റൂർ ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3503,കൊല്ലം<br>3. പുതുപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ2730,ആലപ്പുഴ<br>4. മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ160,കോട്ടയം<br>5. വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1015,എറണാകുളം<br>6. കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ590,തൃശ്ശൂർ<br>7. മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.922 പാലക്കാട്<br>8. മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2022,ഇടുക്കി<br>9. ഉള്ള്യേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി 2033,കോഴിക്കോട്<br>10. മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1061,വയനാട് |

| | | | |
|---|---|---|---|
| | | | 11. കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.സി.832,കാസർഗോഡ് |

സെക്ഷൻ ഓഫീസർ